# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 557 27.02.2018-ൽ മറുപടിയ്ക്കുണ്ടായിരുന്നത്

## സാമ്പത്തിക ക്രമക്കേടുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി.പി. അയിഷാ പോറ്റി | | ശ്രീ.കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | കൊല്ലം ജില്ലയിലെ താമരക്കുടി സർവ്വീസ് സഹകരണ ബാങ്കിൽ സാമ്പത്തിക ക്രമക്കേടുകൾ നടത്തിയവർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; നടപടികളുടെ നിലവിലെ സ്ഥിതിയും ഈടാക്കാനുള്ള തുകയുടെ വിശദാംശങ്ങളും നൽകുമോ; | (എ) | താമരക്കുടി സർവ്വീസ് സഹകരണ ബാങ്കിൽ സാമ്പത്തിക ക്രമക്കേടുകൾ നടത്തിയവർക്കെതിരെ കേരള സഹകരണ വകുപ്പ് 68(2) പ്രകാരം സർചാർജ്ജ് ചുമത്തിയിട്ടുണ്ട്. ടി ബാങ്കിലെ മുൻ സെക്രട്ടറി വിജയകുമാറിൽ നിന്നും 90,87,154.82/- രൂപയും, മുൻ ഭരണ സമിതി അംഗങ്ങളിൽ നിന്നും, ബാങ്ക് ജീവനക്കാരിൽ നിന്നുമായി 3,44,47,695.54/- രൂപയുമാണ് സർചാർജ്ജ് ഉത്തരവ് പ്രകാരം ഈടാക്കേണ്ടതായുള്ളത്. എന്നാൽ മുൻ സെക്രട്ടറി വിജയകുമാറിനെതിരെയുള്ള സർചാർജ്ജ് ഉത്തരവ് നടപ്പാക്കുന്നത് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുള്ളതും മുൻ ഭരണസമിതി അംഗങ്ങൾക്കും ബാങ്ക് ജീവനക്കാർക്കുംമേലുള്ള സർചാർജ്ജ് നടപടികൾക്കെതിരെ ഗവൺമെന്റ് സെക്രട്ടറി മുൻപാകെ അപ്പീൽ ഫയൽ ചെയ്തിട്ടുള്ളതുമാണ്. |
| (ബി) | ബാങ്കിൽ ക്രമക്കേടുകൾക്കെതിരെ നടത്തിവന്ന ക്രൈംബ്രാഞ്ച് അന്വേഷണത്തിന്റെ നിലവിലെ സ്ഥിതി എന്താണ്; | (ബി) | കേസ് ഇപ്പോൾ സംസ്ഥാന ക്രൈംബ്രാഞ്ച് വിഭാഗം ക്രൈം നമ്പർ 51/CR/EOW-I/KLM/2015 ആയി അന്വേഷിച്ചു വരുന്നു. |
| (സി) | ബാങ്കിലെ നിക്ഷേപകർക്ക് എത്ര രൂപ നിക്ഷേപ ഇനത്തിൽ തിരികെ നൽകാനുണ്ട്; മുതൽ, പലിശ തിരിച്ച് വിശദാംശങ്ങൾ നൽകുമോ? | (സി) | ബാങ്കിലെ നിക്ഷേപകർക്ക് ആകെ മുതൽ ഇനത്തിൽ 9,80,00,808/- രൂപയും പലിശ ഇനത്തിൽ 4,56,12,896/- രൂപയും തിരികെ നൽകുവാനായി ബാക്കിനിൽപ്പുണ്ട്. |

സെക്ഷൻ ഓഫീസർ